കുത്തകപ്പാട്ടത്തിനു് കൊടുത്ത സ്ഥലം.

272. [33] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകായ്മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55-ൽ ഗവണ്മെൻറിൽനിന്നും എത്ര ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനു് കൊടുത്തിട്ടുണ്ടു് ; ഏവിടെയെല്ലാം ;

(ബി) മലയാറ്റൂർ ഡിവിഷനിൽ തൊടുപുഴതാലൂക്കിൽ അറക്കുളം ഭാഗത്തുള്ള "വലിയ കണ്ടംകാനം" തേക്കുകൃഷിക്കായി വെട്ടിത്തെളിച്ചശേഷം ചില വ്യക്തികൾക്കു് കുത്തകപ്പാട്ടത്തിനു് കൊടുക്കാൻ ഉത്തരവിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻറെ കാരണം എന്തു് ?

ഉത്തരം.

(എ) 20 ഏക്കർ. ചെങ്കോട്ട ഡിവിഷനിൽ ഒറവക്കൽ എന്ന സ്ഥലത്തു് 5 ഏക്കർ. മലയാറ്റൂർ ഡിവിഷനിൽ അറക്കുളം റിസർവ്വിൽ നിന്നും 5 ഏക്കർ. മലയാറ്റൂർ ഡിവിഷനിൽ തേൻകുടം റിസർവ്വിൽ നിന്നും 10 ഏക്കർ. ആകെ 20 ഏക്കർ.

(ബി) ശ്രീ. സ്വാമിനാരായണനു് ശാന്തിഗിരികുലാശ്രമം സ്ഥാപിക്കുന്നതിനായി അഞ്ചു് ഏക്കറും, ശ്രീ. ഫ്രാൻസിസു് ഫ്രാൻസിസിനു് പീച്ചി ജലസേചനപദ്ധതിക്കായി ഗവണ്മെൻറു് എടുത്ത സ്ഥലത്തിനു് പകരമായി 25 ഏക്കറും (ഇരുപത്തിയഞ്ചു്) കുത്തകപ്പാട്ടത്തിനു് കൊടുക്കുന്നതിനു് ഉത്തരവായിട്ടുണ്ടു്. പക്ഷേ ഈ 25 ഏക്കർ Non-revertable ആണെങ്കിൽ മാത്രം കൊടുക്കാമെന്നാണു് ഉത്തരവായിട്ടുള്ളതു്.

UNSTARRED QUESTIONS POSTED FOR ANSWER ON 4-4-1955.

നിലമാമൂടു്–അഞ്ചുമരങ്കാലാ റോഡു്.

273. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമാമൂടു്–അഞ്ചുമരങ്കാലാ റോഡു വെട്ടിത്തീർത്തിട്ടു് എത്ര കാലമായി, അതിനു മൊത്തം ചെലവെന്തു് ;

(ബി) പ്രസ്തുത റോഡു് ഇതേവരെ മെറ്റൽ ചെയ്യാതിരിക്കാൻ പ്രത്യേക കാരണം വല്ലതും ഉണ്ടോ ; ഉടനടി ആ ജോലി ആരംഭിക്കുമോ ;

(സി) പ്രസ്തുത റോഡിൽ കൊടയാലി പ്രൈമറിസ്കൂളിനു തൊട്ടു തെക്കുവശമുള്ള പാലത്തിനു് എന്തു തുക ചെലവായിട്ടുണ്ടു് ?

ഉത്തരം.

(എ) ഒരു വർഷമായി; 30,750 രൂപ.

(ബി) എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ടു് ; എത്രയും വേഗം ജോലി ആരംഭിക്കുന്നതാണു്.

(സി) 515 രൂപ ചെലവായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly